## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1741 17-06-13 ൽ മറുപടിക്ക്

## മദ്യ വിമുക്ത കേരളം പദ്ധതി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) "മദ്യ വിമുക്ത കേരളം പദ്ധതി" യിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്; | (എ) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കൊപ്പം, വിപുലമായ മദ്യ/ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. ഇതിനായി, എഫ്.എം. റേഡിയോ, സി.സി.ടി.വി. മാധ്യമങ്ങൾ, മാസികകൾ എന്നിവ വഴിയുള്ള പരസ്യം, പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, കൂട്ടഓട്ടം, സെമിനാർ, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, ലഘുലേഖ വിതരണം, മാജിക് ഷോ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തെ 775 സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ സന്നദ്ധ സംഘടനകളുടെയും, SPC, NSS, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ? | (ബി) സംസ്ഥാന ബഡ്ജറ്റിൽ അനുവദിക്കുന്ന, ബോധവൽക്കരണത്തിനായുള്ള നോൺ - പ്ലാൻ ഫണ്ടിൽ നിന്നാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ